## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-68 | 11.06.2012-ൽ മറുപടിയ്ക്ക്

**അന്യസംസ്ഥാനങ്ങളിൽ മലയാളി വിദ്യാർത്ഥികൾക്കെതിരെ റാഗിംഗ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിവിധ കോഴ്സുകൾക്ക് ഉപരിപഠനം നടത്തുന്ന മലയാളി വിദ്യാർത്ഥികൾക്കെതിരെ റാഗിംഗ് ഉൾപ്പെടെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ഒരു വിദ്യാർത്ഥി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വിദ്യാർത്ഥികൾ ഇത്തരം അതിക്രമങ്ങളുമായി ബന്ധപ്പെട്ട് മരണപ്പെട്ടിട്ടുണ്ട് ; | | |
| (സി) അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാനും ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഇതു സംബന്ധിച്ച് പരാതി ലഭിച്ചാൽ അതാതു സംസ്ഥാനത്തിലെ അധികൃതരുമായി ബന്ധപ്പെട്ട് കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.<br>ട്രെയിനുകളിലും മറ്റും ഇതുമായി ബന്ധപ്പെട്ട് അക്രമ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>അന്യ സംസ്ഥാനങ്ങളിൽ പഠനാവശ്യങ്ങൾക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് മുൻകരുതലായി മാർഗ്ഗ നിർദ്ദേശങ്ങൾ പോലീസ് തലത്തിൽ നൽകുന്നുമുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ.